**106/24**

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

| ചോദ്യ പുസ്തക ക്രമനമ്പർ |
| --- |
| |

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. വിഭക്ത്യന്ത സംസ്കൃതപദം ഏത് ?
   A) പുപ്പൂകിരേ B) മണ്ടന്തി C) ഭവന്തി D) ഓട്ടം

2. ഉത്തമപുരുഷ സർവ്വനാമത്തെക്കുറിക്കുന്ന പുരുഷപ്രത്യം ചേർന്ന രൂപം ഏത് ?
   A) വന്താർ B) വീണാൾ C) അറിന്താൻ D) അറിന്തേൻ

3. താഴെക്കൊടുത്തിരിക്കുന്നതിൽ ശരിയല്ലാത്ത പ്രസ്താവന ഏത് ?
   A) ഭാഷ രസത്തേക്കാൾ ഏറിയിരിക്കുന്നത് ഉത്തമമണിപ്രവാളമാണ്
   B) ഭാഷ സംസ്കൃതത്തെക്കാൾ കൂടിയിരിക്കുന്നത് ഉത്തമമണിപ്രവാളമാണ്
   C) വാച്യാർത്ഥത്തെക്കാൾ രസം ഏറിയത് ഉത്തമമണിപ്രവാളമാണ്
   D) ഭാഷയും രസവും കുറഞ്ഞിരിക്കുന്നത് അധമമണിപ്രവാളമാണ്

4. 'യോഗജന്യാവികാരം സന്ധി' എന്ന നിർവ്വചനം വന്ന വ്യാകരണഗ്രന്ഥം
   A) വ്യാകരണമിത്രം B) മലയാഴ്മയുടെ വ്യാകരണം
   C) ലീലാതിലകം D) കേരളപാണിനീയം ഒന്നാം പതിപ്പ്

5. ഖിലോപസംഗ്രഹം എന്ന നയം സാധൂകരിക്കാൻ കേരളപാണിനി നൽകുന്ന ഘടന ഏത് ?
   A) കുളിച്ചു വന്നു B) കുളിച്ചാൽ വരാം
   C) കുളിക്കാൻ വന്നു D) കുളിച്ചു നിന്നു

6. 'പ്രത്യയം ഭാവിരൂപജം' എന്ന് ഏത് പ്രത്യയത്തെക്കുറിച്ചാണ് പറയുന്നത് ?
   A) ഭാവികാലപ്രത്യയം B) പ്രകാരപ്രത്യയം
   C) പുരുഷപ്രത്യയം D) നിഷേധപ്രത്യയം

7. വിഭക്ത്യാഭാസമല്ലാത്ത രൂപം
   A) കോഴിക്കോട്ട് പോയി B) കടലിലോട്ട് ചാടി
   C) കടലിലേക്ക് ചാടി D) കടലിൽ ചാടി

8. എട്ടുത്തൊകൈയിൽ പെടാത്തത് ഏത് ?
   A) നറ്റിണൈ B) അകനാനൂറ് C) പരിപാടൽ D) മുല്ലൈപ്പാട്ട്

9. സാംഖ്യദർശനത്തെക്കുറിച്ചുള്ള തെറ്റായ പ്രസ്താവം ഏത് ?
   A) സാംഖ്യപ്രവചനസൂത്രം ഇതിൽ പെടുന്നു
   B) കപിലമഹർഷിയായി ഇതു ബന്ധപ്പെടുന്നു
   C) സാംഖ്യം എന്നത് ഈ ദർശനത്തിന് സംഖ്യയുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു
   D) ഇന്ത്യയിലെ ഏറ്റവും പ്രാചീനദർശനങ്ങളിൽ ഒന്നാണ്

10. ചേരമണ്ഡലത്തിൽ പെടുന്ന ദേശം
    A) കുടം B) മധുര
    C) തഞ്ചാവൂർ D) തിരുച്ചിറപ്പള്ളി

11. അനുഷ്ഠാനകലകൾ ഉൾപ്പെടുന്ന ഗണം
   A) തുള്ളൽ, അർജ്ജുനനൃത്തം
   B) കഥകളി, കാവടിയാട്ടം
   C) തീയാട്ട്, പടയണി
   D) കഥകളി, തുള്ളൽ

12. തെക്കൻ പാട്ടുകളല്ലാത്ത ഗണം
   A) ഇരവിക്കുട്ടിപ്പിള്ളപ്പോര്, ഉലകുടപെരുമാൾ പാട്ട്
   B) കന്നടിയാൻ പോര്, അഞ്ചുതമ്പുരാൻ പാട്ട്
   C) അഞ്ചുതമ്പുരാൻ പാട്ട്, എടനാടൻ പാട്ട്
   D) കന്നടിയാൻ പോര്, ഉലകുടപെരുമാൾ പാട്ട്

13. കേരളത്തിൽ ഞാറ്റുവേല മനസ്സിലാക്കുന്നത് എങ്ങനെയായിരുന്നു ?
   A) സൂര്യനെയും അശ്വതി നക്ഷത്രത്തെയും പരിഗണിച്ച്
   B) ചന്ദ്രന്റെ ഗതിയും സൂര്യന്റെ നിലയും അനുസരിച്ച്
   C) സൂര്യന്റെ ഗതിയും കാറ്റിന്റെ വേഗവും അനുസരിച്ച്
   D) സൂര്യന്റെയും ശുക്രന്റെയും ഗതി അനുസരിച്ച്

14. ഡോ. എം. വി. വിഷ്ണുനമ്പൂതിരിയുടെ പുസ്തകങ്ങളുടെ ഗണം
   A) ഫോക്‌ലോർ നിഘണ്ടു, നാടോടി വിജ്ഞാനീയം
   B) ഫോക്‌ലോർ നിഘണ്ടു, ഫോക്‌ലോർ സിദ്ധാന്തങ്ങൾ
   C) നാടോടി വിജ്ഞാനീയം, മുടിയേറ്റ്-നാടോടി നേരരങ്ങ്
   D) നാടോടി വിജ്ഞാനീയം, ഫോക്‌ലോർ സിദ്ധാന്തങ്ങൾ

15. സ്വനം കണ്ടെത്താനുപയോഗിക്കാവുന്ന ജോടി ?
   A) കറി – തടി
   B) കരി – കറി
   C) കാരി – താടി
   D) വാക്ക് – തോക്ക്

16. അനുനാസികവർണ്ണം ജനിക്കുന്നതുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന
   A) ഉച്ഛ്വാസവായുവിൽ കുറച്ച് മൂക്കിലൂടെയും സ്വതന്ത്രമാകുന്നു
   B) വായിലൂടെ മാത്രം ഉച്ഛ്വാസവായു പുറത്തേക്ക് വരുന്നു
   C) കഠിതാലുവിൽ നാവിന്റെ മധ്യഭാഗം തടസ്സമുണ്ടാക്കുന്നു
   D) ഉച്ഛ്വാസവായു ചുണ്ടുകളുപയോഗിച്ച് തടസ്സപ്പെടുത്തുന്നു

17. മലയാളത്തിലെ ബദ്ധരൂപിമങ്ങളുടെ ഗണം
   A) ഉടെ, തുടി
   B) കല്ല്, മാട്
   C) ഉടെ, അൻ
   D) അൻ, ആന

18. ഉപരൂപിമം വരാത്ത ഘടന
   A) ഓടി
   B) കണ്ടു
   C) നിന്നു
   D) കരഞ്ഞു

19. വാക്യത്തിന്റെ ബാഹ്യഘടന ആന്തരഘടനയിൽ നിന്നാണെന്ന് പറഞ്ഞത്
   A) ബഖ്തിൻ
   B) നോം ചോംസ്കി
   C) ബ്ലൂംഫീൽഡ്
   D) എഡ്വേഡ് സപീർ

20. ചെറുക്കൻ, ഒരുത്തൻ എന്നീ രൂപങ്ങളെ നിർവ്വചിക്കാനുപയോഗിക്കാവുന്ന സമീപനം
   A) അവശിഷ്ടരൂപം
   B) പ്രാഗ്ഭാഷ
   C) സദൃശസൃഷ്ടി
   D) ബാഹ്യപുനഃസൃഷ്ടി

21. എണ്ണയ്ക്കുണ്ടായ അർത്ഥപരിമാണം
   A) അർത്ഥാദേശം
   B) അർത്ഥവികാസം
   C) അർത്ഥസങ്കോചം
   D) അർത്ഥോന്നതി

22. ഭരതൻ അവതരിപ്പിച്ച നാലു വൃത്തികളിൽ ഭാഷയോടു ബന്ധപ്പെട്ടിരിക്കുന്നത് ഏതാണ് ?
   A) ഭാരതി
   B) കൈശികി
   C) സാത്വതി
   D) ആരഭടി

23. ഔചിത്യം എന്നതിന് ഏറ്റവും യോജിക്കുന്ന പ്രസ്താവന ഏത് ?
   i. കാവ്യത്തിന് സ്ഥിരവും ജീവിത ഭൂതവുമായിരിക്കുന്നത്.
   ii. രസാശ്രയമായിരിക്കുന്ന ഗുണം.
   iii. ദോഷരഹിതമായ പദവിന്യാസ ഭംഗി.
   iv. രസസിദ്ധമായ കാവ്യത്തിന്റെ സ്ഥിരമായ ജീവിതം.
   A) i and ii
   B) i and iv
   C) ii and iii
   D) iii and iv

24. വാക്യത്തിന്റെ വാച്യാർഥപ്രതീതിക്കുശേഷം വേറെ ഒരർഥം കൂടി സ്ഫുരിക്കുന്നത്
   A) അഭിധാമൂല വ്യഞ്ജന
   B) ലക്ഷണാമൂല വ്യഞ്ജന
   C) ജഹല്ലക്ഷണ
   D) അജഹല്ലക്ഷണ

25. 'അനുഭാവം' എന്നതിന് ഇണങ്ങുന്ന പ്രസ്താവന ഏത് ?
   i. കാവ്യത്തിലെ നാടകീയാംശത്തെ പരിപുഷ്ടമാക്കുന്നത്.
   ii. വാഗാംഗാഭിനയം കൊണ്ട് അർഥം സിദ്ധമാകുന്നത്.
   iii. ലോകസ്വഭാവത്തിൽ നിന്നു സംസിദ്ധമാകുന്നതും ലോകയാത്രയെ പിൻതുടരുന്നതും.
   iv. ലോകസ്വഭാവത്തെ അനുകരിച്ച് നാട്യത്തിൽ സാധ്യമാകുന്നത്.
   A) i and iii
   B) ii and iv
   C) iii and iv
   D) ii and iii

26. ഭർത്തൃഹരി വാക്കിനു നൽകിയ വർഗീകരണങ്ങൾ ഏവ ?
   A) അഭിധ, വ്യഞ്ജന, ലക്ഷണ
   B) ശബ്ദം, അർഥം, ബിംബം
   C) ഭാഷ്യം, വാർത്തിക, സൂത്രം, വൃത്തി
   D) പരാ, പശ്യന്തി, മദ്ധ്യമ, വൈഖരി

27. ചേരുംപടി ചേർക്കുക.

| | |
|---|---|
| i. മമ്മടൻ | a. ദശരൂപകം |
| ii. ധനഞ്ജയൻ | b. കാവ്യമീമാംസ |
| iii. ഭോജൻ | c. കാവ്യപ്രകാശം |
| iv. രാജശേഖരൻ | d. സരസ്വതീകണ്ഠാഭരണം |

   A) c, a, d, b
   B) a, c, b, d
   C) d, a, c, b
   D) d, b, a, c

28. ''ഗഗനം ഗഗനം പോലെ
സാഗരം സാഗരോപമാ
ശ്രീമൂലകനൃപന്നൊപ്പം
ശ്രീമൂലകനൃപാലകൻ'' – അലങ്കാരമേത് ?

A) പ്രതീപം
B) ഉപമേയോപമ
C) അനന്വയം
D) വ്യതിരേകം

29. ഗദ്യത്തിന്റെയും പദ്യത്തിന്റെയും നാഡികളിൽ ഒരേ മനുഷ്യരക്തമാണ് ഓടുന്നതെന്നു പ്രസ്താവിച്ച കാല്പനിക കവിയാര് ?

A) കോൾറിഡ്ജ്
B) ഷെല്ലി
C) വേർഡ്സ്‌വർത്ത്
D) അർനോൾഡ്

30. ചേരുംപടി ചേർക്കുക.

i. ആർട്സ് പോയറ്റിക്ക — a. ലോംഗിനസ്
ii. ഓൺ ദി സബ്ലൈം — b. ഡ്രൈഡൻ
iii. ഡിസ്ക്രിപ്റ്റീവ് ക്രിട്ടിസിസം — c. പോപ്പ്
iv. എസ്സേ ഓൺ ക്രിട്ടിസിസം — d. ഹോറസ്

A) d, c, b, a
B) d, b, a, c
C) d, a, b, c
D) a, c, d, b

31. ജ്ഞാനത്തിന്റെ രണ്ടു രൂപങ്ങളായി ക്രോച്ചേ കാണുന്നവ ഏതെല്ലാം ?

A) ഇന്ദ്രിയജ്ഞാനവും അതീന്ദ്രിയജ്ഞാനവും
B) അനുഭവജ്ഞാനവും അന്വേഷണജ്ഞാനവും
C) പരീക്ഷണോന്മുഖമായ അറിവും സ്മൃതികേന്ദ്രിതമായ അറിവും
D) അന്തർജ്ഞാനപരമായ അറിവും യുക്തിശാസ്ത്രപരമായ അറിവും

32. ബാഹ്യപ്രപഞ്ചം മിഥ്യയാണെന്ന വാദത്തെ പ്ലേറ്റോ സാധൂകരിക്കുന്നതെങ്ങനെ ?

A) ആത്യന്തിക സത്യമായ ആശയലോകത്തിന്റെ പ്രതിച്ഛായ മാത്രമാണത്
B) ബാഹ്യലോകത്തിന്റെ അനുകരണമാണ് ആത്യന്തിക സത്യം
C) ആശയലോകമെന്നത് പ്രതീകാത്മകമാണ്
D) ആത്യന്തികമായ അനുകരണമാണ് ആശയപ്രപഞ്ചം

33. താഴെ പറയുന്നവരിൽ ഫ്രാങ്ക്ഫർട്ട് സ്കൂളിൽ ഉൾപ്പെടുന്നവർ ആരൊക്കെ ?

A) ഐസ്‌ലർ, കാർട് വൈൽ
B) തോമസ്മൻ, വാൾട്ടർ സ്കോട്ട്
C) എറിക് ഫ്രോം, ഹെർബർട്ട് മാർക്യൂസ്
D) ജോൺ ബർഗർ, റയ്മണ്ട് വില്യംസ്

34. താഴെ പറയുന്നവയിൽ റിയലിസത്തിന് ഇണങ്ങുന്ന പ്രസ്താവന ഏത് ?

i. മൗലികങ്ങളായ മാനുഷിക വികാരങ്ങളെ സ്പർശിക്കുന്നവ.
ii. മാനസികാവസ്ഥകൾക്കു പ്രാധാന്യം നൽകുന്നു.
iii. സൗന്ദര്യാത്മകമായ ആഖ്യാനത്തിനു പ്രാധാന്യം നൽകുന്നു.
iv. പ്രത്യക്ഷജീവിത യാഥാർഥ്യങ്ങളെ നിർഭയമായി പകർത്തുക.

A) i and ii
B) iv and ii
C) ii and iii
D) i and iv

35. പാഠത്തെ പഴയ വിലയിരുത്തലുകളുടെ വലയത്തിൽ നിന്നു മോചിപ്പിക്കുകയും പുതിയ കൃതി എന്ന രീതിയിൽ സമീപിക്കുകയും ചെയ്യുന്ന പഠനരീതി ഏത് ?
A) ലിംഗപദവീപഠനം
B) നവചരിത്രവാദ പഠനം
C) ശൈലീവത്കൃതപഠനം
D) ചിഹ്നവിജ്ഞാനീയം

36. ''ഒരാൾ പതഞ്ഞു പൊങ്ങുന്ന ചിരിയും മറ്റേയാൾ നിറഞ്ഞു കവിയുന്ന കണ്ണുനീരും കൊണ്ട് കേരള ചേതനയെ അഭിഷേചിച്ചു.'' ഡോ. എം. ലീലാവതി ഏതു കവികളെയാണ് ഇങ്ങനെ പരാമർശിച്ചത് ?
A) കുഞ്ചൻ നമ്പ്യാരും പൂന്താനവും
B) ചെറുശ്ശേരിയും കുമാരനാശാനും
C) കുഞ്ചൻനമ്പ്യാരും ചങ്ങമ്പുഴയും
D) ചങ്ങമ്പുഴയും അയ്യപ്പപ്പണിക്കരും

37. ചേരുംപടി ചേർക്കുക.
i. കാത്തുള്ളിൽ അച്യുതമേനോൻ — a. കവി രാമായണം
ii. കുഞ്ഞിക്കുട്ടൻ തമ്പുരാൻ — b. കവിപുഷ്പമാല
iii. മുലൂർ പത്മനാഭപ്പണിക്കർ — c. കവിമൃഗാവലി
iv. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ — d. കവിഭാരതം
A) c, b, a, d
B) b, d, c, a
C) a, c, b, d
D) b, d, a, c

38. ''അമ്മയ്ക്കു വെള്ളം കൊടുക്കുന്ന കാര്യവു –
മന്വേഷണത്തിന്നു വെക്കുന്നവരിവർ'' കവിയും കൃതിയും രേഖപ്പെടുത്തുക.
A) കുഞ്ഞിരാമൻ നായർ, മംഗളാശംസ
B) ബാലാമണിയമ്മ, കളങ്കമറ്റ കൈ
C) ജി. ശങ്കരക്കുറുപ്പ്, അന്വേഷണം
D) മേരിജോൺ കൂത്താട്ടുകുളം, അമ്മയും മകളും

39. ചേരുംപടി ചേർക്കുക.
i. ധന്യ വേങ്ങച്ചേരി — a. മീനുകളുടെ പ്രസവമുറി
ii. പി. രാമൻ — b. ദൈവപ്പാതി
iii. സുകുമാരൻ ചാലിഗദ്ദ — c. ഒരു ഉരുളയുടെ കഥ
iv. കെ. ആർ. ടോണി — d. പിന്നിലേക്കു വീശുന്ന കാറ്റ്
A) b, a, c, d
B) c, d, a, b
C) a, c, d, b
D) b, d, a, c

40. ''ഇവിടെപ്പിറക്കുന്ന കാട്ടു പുല്ലിലുമുണ്ട്
ഭുവനം മയക്കുന്ന ചന്തവും സുഗന്ധവും''. ഏതു ദേശമാണ് ഇവിടെ പ്രതിപാദിച്ചി രിക്കുന്നത് ?
A) ഏറനാട്
B) കേരളം
C) വള്ളുവനാട്
D) ദേശിങ്ങനാട്

41. 'എന്റെ നേതാവ്' എന്ന കവിത ആര്, ആരെക്കുറിച്ച് എഴുതിയതാണ് ?
A) വള്ളത്തോൾ ഗാന്ധിജിയെക്കുറിച്ച്
B) കുമാരനാശാൻ ഗാന്ധിജിയെക്കുറിച്ച്
C) ഇടശ്ശേരി കെ. കേളപ്പനെക്കുറിച്ച്
D) വൈലോപ്പിള്ളി എ. കെ. ജി. യെക്കുറിച്ച്

42. ''എന്റെ കവിതയിൽ ഞാൻ
കത്തിദ്ദഹിച്ചുകൊണ്ടിരിക്കുന്നു
എന്റെ ചിതയിലെന്നപോലെ
എന്റെ കവിതയിൽ ഞാൻ
വാക്കുകൾ അടുക്കിയടുക്കി വെക്കുന്നു''. കവി ആര് ? കവിത ഏത് ?
A) സച്ചിദാനന്ദൻ, ദേശാടനം
B) ബാലചന്ദ്രൻ ചുള്ളിക്കാട്, യാത്രാമൊഴി
C) കടമ്മനിട്ട, മകനോട്
D) ഡി. വിനയചന്ദ്രൻ, ദിശാസൂചി

43. താഴെക്കൊടുത്തവരിൽ മനുഷ്യാലയചന്ദ്രിക മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര് ?
A) കുഴിക്കാട്ട് മഹേശ്വരൻ നമ്പൂതിരി
B) നീലകണ്ഠ ദീക്ഷിതർ
C) വടയാട്ടുകോട്ട കെ. പരമേശ്വരൻ പിള്ള
D) ചേന്നാസ് നാരായണൻ നമ്പൂതിരി

44. ഇന്ത്യൻ പൂച്ച എന്ന കഥാസമാഹാരത്തിന്റെ കർത്താവാര് ?
A) ലാസർ ഷൈൻ
B) എബിൻ ജോസഫ്
C) അർഷാദ് ബത്തേരി
D) സുനു എ. വി.

45. ബാറ്റൺ ബോസ് എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്നതാര് ?
A) കെ. എം. ചാക്കോ
B) ജയിംസ് മണിമല
C) തോമസ് ടി. അമ്പാട്ട്
D) പ്രിൻസ് തിരുവാങ്കുളം

46. അലക്സ് ഹാലി കേട്ടെഴുതിയ മാൽക്കം എക്സിന്റെ ആത്മകഥ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര് ?
A) വി. രവികുമാർ
B) വൈക്കം മുരളി
C) എ. പി. കുഞ്ഞാമു
D) ഇ. വി. ഫാത്തിമ

47. താഴെക്കൊടുത്തവയിൽ ദേവകി നിലയങ്ങോട് രചിച്ച സ്മരണയേത് ?
A) വ്യാഴവട്ട സ്മരണകൾ
B) വാതിൽപ്പുറപ്പാട്
C) ആ നെല്ലിമരം പുല്ലാണ്
D) ഓർമ്മകളുടെ ഓടക്കുഴലുമായി

48. താഴെക്കൊടുത്തവയിൽ രവീന്ദ്രന്റേതല്ലാത്ത സഞ്ചാരസാഹിത്യ കൃതിയേത് ?
A) ബുദ്ധപഥം
B) മെഡിറ്ററേനിയൻ വേനൽ
C) സ്വിസ് സ്കെച്ചുകൾ
D) ബാൾട്ടിക്ക് ഡയറി

49. ഖസാക്കിന്റെ ഇതിഹാസം വെങ്കടേശ് മാട്ഗൂഴ്ക്കറുടെ ബൻഗർവാടിയുടെ അനുകരണമാണെന്ന് ആരോപണമുന്നയിച്ചതാര് ?
A) എസ്. ഗുപ്തൻനായർ
B) ജി. എൻ. പണിക്കർ
C) എം. കെ. ഹരികുമാർ
D) ജയമോഹൻ

50. കുഞ്ചൻനമ്പ്യാരുടെ കൃതികളിൽ ശീതങ്കൻ തുള്ളലിന് ഉദാഹരണമേത് ?
   A) ധ്രുവചരിതം
   B) സ്യമന്തകം
   C) കീചകവധം
   D) ഹരിശ്ചന്ദ്ര ചരിതം

51. തോൽപ്പാവക്കൂത്തിനെ അന്താരാഷ്ട്രവൽക്കരിച്ചതിൽ പ്രധാന പങ്കുവഹിച്ചതാര് ?
   A) വേണുജി
   B) കാവാലം നാരായണപ്പണിക്കർ
   C) ചുമ്മാർ ചൂണ്ടൽ
   D) കെ. കെ. രാമചന്ദ്രപ്പുലവർ

52. ഭാവാത്മക നാടകത്തിന്നുദാഹരണമേത് ?
   A) കടൽപ്പാലം
   B) സമത്വവാദി
   C) കന്യക
   D) പെരുംകൊല്ലൻ

53. വെള്ളരി നാടകത്തിന്റെ സ്വരൂപത്തിൽ ടി. പി. സുകുമാരൻ രചിച്ച കൃതിയേത് ?
   A) നിങ്ങൾക്കൊക്കെ ശാകുന്തളം മതി
   B) പാക്കനാർ ചരിതം
   C) താവളം
   D) ആയഞ്ചേരി വല്യെശമാൻ

54. കെ. ജി. ജോർജ്ജ് സംവിധാനം ചെയ്ത പഞ്ചവടിപ്പാലം എന്ന സിനിമയ്ക്ക് ആധാരമായ പാലം അപകടത്തിൽ എന്ന കഥയെഴുതിയതാര് ?
   A) സുകുമാർ
   B) വേളൂർ കൃഷ്ണൻകുട്ടി
   C) റ്റോംസ്
   D) ശ്രീനിവാസൻ

55. ബാഷ എന്ന തമിഴ് സിനിമയുടെ സംവിധായകനാര് ?
   A) സുരേഷ് കൃഷ്ണ
   B) ഭാരതിരാജ
   C) സെൽവ രാഘവൻ
   D) ടി. രാജേന്ദ്രൻ

56. ഏറ്റവും കൂടുതൽ കാലം ഒരേ തിയേറ്ററിൽ പ്രദർശിപ്പിച്ച ഇന്ത്യൻഭാഷാ സിനിമയേത് ?
   A) ഒരു തലൈ രാഗം
   B) ശങ്കരാഭരണം
   C) ഷോലെ
   D) ദിൽവാലെ ദുൽഹനിയ ലേ ജായേംഗെ

57. കേസരി എ. ബാലകൃഷ്ണപിള്ളയുടെ രൂപമഞ്ജരി എന്ന കൃതി ആദ്യം പ്രസിദ്ധീകരിച്ച വർഷമേത് ?
   A) 1945
   B) 1942
   C) 1937
   D) 1950

58. സംവിധാനഭംഗിയാണ് കല എന്ന് അഭിപ്രായപ്പെട്ട നിരൂപകനാര് ?
   A) കുട്ടിക്കൃഷ്ണ മാരാർ
   B) കെ. ഭാസ്കരൻ നായർ
   C) കേസരി എ. ബാലകൃഷ്ണപിള്ള
   D) സി. ജെ. തോമസ്

59. കാവ്യവ്യുൽപ്പത്തി എന്ന നിരൂപണ കൃതിയുടെ കർത്താവാര് ?
A) കെ. പി. നാരായണപ്പിഷാരടി
B) കെ. എസ്. നാരായണ പിള്ള
C) കൽപ്പറ്റ നാരായണൻ
D) എം. പി. ശങ്കുണ്ണി നായർ

60. താഴെക്കൊടുത്തവയിൽ കെ. രാഘവൻ പിള്ളയുടേതല്ലാത്ത ഗ്രന്ഥമേത് ?
A) കാളിയുടെ നാവ്
B) അർത്ഥത്തിന്റെ അതിർത്തികൾ
C) സമീപനങ്ങൾ, സമന്വയങ്ങൾ
D) അസ്തിത്വവാദികളും ഭഗവദ്ഗീതയും

61. ഡോ. എം. ലീലാവതിയ്ക്ക് തായാട്ട് അവാർഡ് നേടിക്കൊടുത്ത കൃതിയേത് ?
A) വർണ്ണരാജി
B) കവിതാരതി
C) അപ്പുവിന്റെ അന്വേഷണം
D) കവിതയും ശാസ്ത്രവും

62. തിരസ്കൃതരുടെ രചനാഭൂപടം എന്ന നിരൂപണകൃതി എഴുതിയതാര് ?
A) കെ. കെ. കൊച്ച്
B) ടി. എം. യേശുദാസൻ
C) ഒ. കെ. സന്തോഷ്
D) എം. ബി. മനോജ്

63. കുമാരനാശാന്റെ നളിനി കാവ്യത്തിന്റെ ആത്മാവു കണ്ടെത്താൻ അവതാരികയിൽ എ. ആർ. രാജരാജവർമ്മയ്ക്കു കഴിഞ്ഞില്ലെന്ന് അഭിപ്രായപ്പെട്ട നിരൂപകനാര് ?
A) രാജേന്ദ്രൻ എടത്തുംകര
B) പി. എം. ഗിരീഷ്
C) രാഹുൽ രാധാകൃഷ്ണൻ
D) എ. സി. സുഹാസിനി

64. റോമൻ യാക്കോബ്സൺ അവതരിപ്പിച്ച ചിഹ്നാന്തര വിവർത്തനം എന്ന വിവർത്തന വിഭാഗം ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) വംശീയപരിഭാഷ
B) കാവ്യപരിഭാഷ
C) അനുകല്പനം
D) അനുപദവിവർത്തനം

65. ഗായത്രി സ്പിവാക്കിന്റെ ഒരു വിജ്ഞാനശാഖയുടെ അന്ത്യം (Death of a Discipline) എന്ന കൃതി ഏതു വിഷയത്തെപ്പറ്റിയുള്ളതാണ് ?
A) താരതമ്യസാഹിത്യം
B) കോളനിയാനന്തര വിവർത്തനം
C) അപനിർമ്മാണം
D) ആഗോളവത്കരണം

66. താഴെപ്പറയുന്നവയിൽ റുബായിയാത്തിന്റെ മലയാളവിവർത്തനം തിരഞ്ഞെടുക്കുക.
i. ചങ്ങമ്പുഴയുടെ മദിരോത്സവം
ii. ജി. ശങ്കരക്കുറുപ്പിന്റെ വിലാസലഹരി
iii. സുഗതകുമാരിയുടെ ഇരുൾച്ചിറകുകൾ
iv. വിജയലക്ഷ്മിയുടെ വസന്തഗീതം
A) i മാത്രം
B) i, ii മാത്രം
C) i, iv മാത്രം
D) i, ii, iii മാത്രം

67. Sultan's Battery മലയാളത്തിൽ സുൽത്താൻ ബത്തേരി ആകുന്നത് ഏതിനം വിവർത്തനമാണ് ?

A) ലിപിപരവിവർത്തനം
B) പരിമിതവിവർത്തനം
C) കോശീയവിവർത്തനം
D) സ്വനിമികവിവർത്തനം

68. കുമാരനാശാന്റെ വീണപൂവ് ആദ്യം പ്രസിദ്ധീകരിച്ച ആനുകാലിക പ്രസിദ്ധീകരണം

A) മിതവാദി
B) വിവേകോദയം
C) കവനകൗമുദി
D) വിദ്യാവിനോദിനി

69. ഇനി വായന ഇ-വായന എന്ന കൃതി ആരുടേത് ?

A) വി. കെ. ആദർശ്
B) കെ. എച്ച്. ഹുസൈൻ
C) ടി. വി. സുനീത
D) മഹേഷ് മംഗലാട്ട്

70. 'ഈ പെർ വായിച്ചാൽ അർത്ഥം തൊന്നുമൊ എന്നറിയുന്നില്ല' എന്ന വാക്യത്തിന് കേരള പത്രപ്രവർത്തന ചരിത്രത്തിലുള്ള പ്രാധാന്യമെന്ത് ?

A) ആർച്ചുഡീക്കൻ കോശി രാജ്യസമാചാരത്തെപ്പറ്റി പറഞ്ഞത്
B) പശ്ചിമോദയത്തിലെ ഉദ്ദേശ്യലക്ഷ്യ പ്രസ്താവന
C) ആദ്യ വർത്തമാനപത്രത്തിലെ ആദ്യ വാക്യം
D) ആദ്യ മലയാള മാസികയിലെ ആദ്യ വാക്യം

71. ഭാഷാധ്യാപനത്തിന് ഏറ്റവും അവശ്യം ഉണ്ടായിരിക്കേണ്ടത്

A) സാങ്കേതികവിദ്യയുടെ പരിജ്ഞാനം
B) പ്രഭാഷണ ചാതുരി
C) ഭാഷയോടുള്ള അനുകൂല അഭിഭാവം
D) വിപുലമായ ഗ്രന്ഥശേഖരം

72. പഠിതാവിന്റെ വൈകാരിക സവിശേഷതകളിൽ ഉൾപ്പെടുന്നത് ഏതാണ് ?

A) വയസ്സ്
B) ആത്മാഭിമാനം
C) ഉയരം
D) ജാതി

73. ബോധനപ്രക്രിയയെ സ്വാധീനിക്കുന്ന ബാഹ്യഘടകമേത് ?

A) ബഹുമുഖബുദ്ധി
B) പഠനശൈലി
C) യുക്തിബോധം
D) ക്ലാസ്മുറി സൗകര്യങ്ങൾ

74. പ്രശ്നപരിഹരണത്തിനും അഭിനയത്തിനും പ്രാധാന്യം നൽകുന്ന ബോധന രീതിയേത് ?

A) സെമിനാർ
B) ചോദ്യോത്തര രീതി
C) പാത്രനാട്യം
D) മന:പാഠ രീതി

75. നേരനുഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന ബോധന ഉപാധിയേത് ?

A) പഠനയാത്ര B) ചാർട്ട് C) പോസ്റ്റർ D) തിരക്കഥ

76. ഗവേഷണ പ്രക്രിയയിലെ ശരിയായ ക്രമം ഏത് ?

A) നിരീക്ഷണം – പരികല്പന – പരീക്ഷണം – സിദ്ധാന്തം

B) നിരീക്ഷണം – പരീക്ഷണം – പരികല്പന – സിദ്ധാന്തം

C) പരീക്ഷണം – നിരീക്ഷണം – പരികല്പന – സിദ്ധാന്തം

D) പരികല്പന – നിരീക്ഷണം – പരീക്ഷണം – സിദ്ധാന്തം

77. ഒരു ഗവേഷണോപകരണത്തിന്റെ വിശ്വാസ്യത അളക്കുന്നതിനുള്ള ആന്തരിക സ്ഥിരതാ രീതി

A) സ്പിയർമാൻ ആർ B) കോഹെൻ ഡി

C) പിയേഴ്സൺ ആർ D) ക്രോൺബാക് ആൽഫ

78. താഴെ കൊടുത്തിരിക്കുന്നവയിൽ ഗവേഷണ ജേർണലുകളുടെ ഗുണനിലവാരത്തെ സൂചിപ്പിക്കുന്ന സൂചകം ഏത് ?/ഏതെല്ലാം ?

1. ഐ. എസ്. എസ്. എൻ. നമ്പർ 2. സ്വാധീന ഗുണകം

3. എച്ച് സൂചകം 4. ഐ 10 സൂചകം

A) ഒന്നും രണ്ടും B) രണ്ട് മാത്രം

C) മൂന്നും നാലും D) നാല് മാത്രം

79. ചേരുംപടി ചേർത്ത് ശരിയുത്തരം കണ്ടെത്തുക.

| | |
|---|---|
| 1. ചോദ്യാവലി | a. ആഴത്തിലുള്ള വിവര ശേഖരണത്തിന് ഉപയോഗിക്കുന്നു |
| 2. അഭിമുഖം | b. സർവ്വേ പഠനത്തിന് അനുയോജ്യം |
| 3. സിദ്ധിശോധകം | c. സാംസ്കാരിക സവിശേഷതകളെ പഠിക്കാനുപയോഗിക്കുന്നു |
| 4. പങ്കാളിത്ത നിരീക്ഷണം | d. വിദ്യാഭ്യാസ നേട്ടം പഠിക്കാനുപയോഗിക്കുന്നു |

| | 1 | 2 | 3 | 4 |
|---|---|---|---|---|
| A) | a | c | b | d |
| B) | b | a | d | c |
| C) | d | b | a | c |
| D) | d | c | a | b |

80. ഗവേഷണ രീതികളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏത്/ഏതെല്ലാം ?
   1. ഗുണാത്മക രീതിയാണ് ജനസംസ്കാര പഠനങ്ങൾക്കനുയോജ്യം.
   2. കേസ് പഠനം ഒരു അനുദൈർഘ്യ രീതിയാണ്.
   3. ചരിത്ര പഠനങ്ങളുടെ വിശ്വാസ്യത പ്രാഥമിക ഉപാദാനങ്ങളുടെ വിശകലനത്തെ ആശ്രയിച്ചിരിക്കുന്നു.
   4. സാമാന്യവത്കരണങ്ങളിലെത്തുന്നതിന് പരീക്ഷണ രീതി അനുയോജ്യമല്ല.

   A) ഒന്ന് മാത്രം
   B) ഒന്നും രണ്ടും
   C) ഒന്നും രണ്ടും മൂന്നും
   D) ഒന്നും രണ്ടും മൂന്നും നാലും

81. താഴെ പറയുന്നവയിൽ ഭരണഘടനയുടെ നിർമ്മാണസഭയിൽ ഉൾപെടാത്തത് ആര് ?
   A) അല്ലാടി കൃഷ്ണ സ്വാമി അയ്യർ
   B) ഡോ. ബി. ആർ. അംബേദ്കർ
   C) ജവഹർലാൽ നെഹ്റു
   D) ഇന്ദിരാഗാന്ധി

82. ഭരണഘടനയുടെ ഏത് വകുപ്പ് പ്രകാരമാണ് പൗരന്മാർക്കുള്ള മതസ്വാതന്ത്ര്യം ഉറപ്പു വരുത്തിയിരിക്കുന്നത് ?
   A) ആർട്ടിക്കിൾ 14
   B) ആർട്ടിക്കിൾ 25
   C) ആർട്ടിക്കിൾ 32
   D) ആർട്ടിക്കിൾ 31

83. താഴെ പറയുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന ഏത് ?
   A) ഭരണഘടനയിൽ അനുഛേദം 356 പ്രകാരം രാഷ്ട്രപതിക്ക് സംസ്ഥാന അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ കഴിയും.
   B) തിരഞ്ഞെടുപ്പ് പ്രകാരമാണ് ഗവർണർ എന്ന പദവിയിലേക്ക് നിയമനം നടക്കുന്നത്.
   C) രാഷ്ട്രപതിയാണ് പ്രധാനമന്ത്രിയെ നിയമിക്കുന്നത്.
   D) ലോകസഭയുടെ അധ്യക്ഷൻ ലോകസഭയുടെ സ്പീക്കറാണ്.

84. ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് അനുച്ഛേദം 32-നെ വിശേഷിപ്പിച്ചത് ആര് ?
   A) സരോജിനി നായിഡു
   B) സർദാർ വല്ലഭായ് പട്ടേൽ
   C) ഡോ. ബി. ആർ. അംബേദ്കർ
   D) പണ്ഡിറ്റ് ജവഹർലാൽ നെഹ്റു

85. താഴെ പറയുന്നവയിൽ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടാത്തത് ഏത് ?
   a. സംസ്ഥാനങ്ങളുടെ പേരുമാറ്റൽ
   b. സംസ്ഥാന നിയമസഭയുടെ ഉപരിസഭ രൂപീകരണം
   c. നിർദ്ദേശക തത്വങ്ങൾ മാറ്റുന്നതുമായി ബന്ധപ്പെട്ട്
   d. സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വ്യവസ്ഥകളും ആയി ബന്ധപ്പെട്ട്

   A) a and c
   B) a and d
   C) d and b
   D) a and b

86. 2005-ലെ വിവരാവകാശ നിയമ പ്രകാരം ഒരു വ്യക്തിക്ക് പൊതു കാര്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ എത്ര ദിവസത്തിനകം ലഭിക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് ?

A) 30 ദിവസം
B) 40 ദിവസം
C) 11 ദിവസം
D) 15 ദിവസം

87. ഇപ്പോഴത്തെ ഇന്ത്യയുടെ മുഖ്യവിവരാവകാശ കമ്മീഷണർ ആര് ?

A) വി. ഹരി നായർ
B) യശവർധൻ കുമാർ സിൻഹ
C) ഹീരാലാൽ സമാറിയ
D) പാലാട്ട് മോഹൻദാസ്

88. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷ നിയമപ്രകാരം സംസ്ഥാന ഗവൺമെന്റിന്റെ ചുമതല എന്തെല്ലാം ?

a. സുതാര്യവും ഉത്തരവാദിത്വ പൂർണമായ ഭക്ഷ്യ ധാന്യ വിതരണം ഉറപ്പ് വരുത്തുക.
b. പൊതുവിതരണ സംവിധാനത്തിലൂടെ ഭക്ഷ്യസാധനങ്ങളുടെ കൃത്യമായ വിതരണം ഉറപ്പ് വരുത്തുക.
c. ഉപഭോക്തൃ സംരക്ഷണം ഉറപ്പ് വരുത്തുക.
d. മുകളിൽ പറഞ്ഞവ ഒന്നും അല്ല.

A) a and c
B) a and b
C) a
D) d

89. താഴെ പറയുന്നവയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഗുണഭോക്താവ് ആര് ?

A) വീടുള്ള പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾ/യുവതികൾ
B) ദാരിദ്ര രേഖയ്ക്ക് താഴെ വരുന്ന, വീടുള്ള യുവതി/യുവാക്കൾ
C) വീടുള്ള പിന്നോക്ക വിഭാഗത്തിലെയും യുവതി/യുവാക്കൾ
D) വീടുള്ള എല്ലാ വിഭാഗത്തിലെയും യുവതിയും/യുവാക്കൾ

90. 2005-ലെ ഗാർഹിക പീഡന നിയമ പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും പരാതി കേൾക്കുന്നതിന് നിയോഗിച്ചിട്ടുള്ള അധികാരി ആര് ?

A) വനിതാ കമ്മീഷൻ
B) സംസ്ഥാന പോലീസ് മേധാവി
C) ജില്ലാ മജിസ്ട്രേറ്റ്
D) മനുഷ്യാവകാശ കമ്മീഷൻ

91. താഴെ പറയുന്നവയിൽ കാർഷിക വിപ്ലവം ഏത് ?

A) നിവർത്തന പ്രക്ഷോപം
B) ചാന്നാർ ലഹള
C) മലബാർ ലഹള
D) കുറിച്ച്യാ കലാപം

92. താഴെ കൊടുത്തിരിക്കുന്നവയിൽ ശ്രീനാരായണഗുരുവുമായി ബന്ധപ്പെടാത്തത് ഏത് ?

a. ആത്മോപദേശ ശതകം
b. അദ്വയേദ്ധ ചിന്ത പദ്ധതി
c. വേദാന്താ സംഗ്രഹം
d. ദർശനമാല

A) a and c  B) b and c  C) a and d  D) a and b

93. സാധുജന പരിപാലന സംഘം രൂപീകരിച്ച വർഷം

A) 1807  B) 1907  C) 1817  D) 1917

94. താഴെ പറയുന്നവരിൽ നിവർത്തന പ്രക്ഷോപത്തിൽ പങ്കെടുക്കാത്തത് ആര് ?

A) സി. കേശവൻ
B) പി. കെ. കുഞ്ഞു
C) മന്നത്ത് പത്മനാഭൻ
D) എൻ. വി. ജോസഫ്

95. കയർ വ്യവസായവുമായി ബന്ധപ്പെട്ട കേരളത്തിലെ ആദ്യ തൊഴിലാളി പ്രസ്ഥാനം ഏത് ?

A) അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്
B) തിരുവിതാംകൂർ ലേബർ അസോസിയേഷൻ
C) തിരു-കൊച്ചി ലേബർ അസോസിയേഷൻ
D) കൊച്ചി പോർട്ട് ലേബർ യൂണിയൻ

96. നീതി ആയോഗിന്റെ ഇപ്പോഴത്തെ ഉപ അധ്യക്ഷൻ ആര് ?

A) മോൺടേക്ക് സിംഗ് അഹവാലിയ
B) ഡോ. കെ. സി. പന്ത്
C) സുമൻ ബാറി
D) രമേശ് ചന്ദ്

97. വിദ്യാഭ്യാസത്തിനുള്ള അവകാശം ഏത് ഭരണഘടന ഭേദഗതി പ്രകാരമാണ് മൗലിക അവകാശത്തിൽ ഉൾപ്പെടുത്തിയത് ?

A) ഭേദഗതി 86
B) ഭേദഗതി 76
C) ഭേദഗതി 42
D) ഭേദഗതി 104

98. കേരളത്തിൽ തണ്ണീർത്തടസംരക്ഷണ നിയമം നിലവിൽ വന്ന വർഷം ഏത് ?

A) 1998  B) 2008  C) 1988  D) 2006

99. 'കേരളസിംഹം' എന്ന് അറിയപ്പെടുന്നത് ആര് ?

A) പാലിയത്തച്ഛൻ
B) വേലുത്തമ്പി ദളവ
C) കെ. കേളപ്പൻ
D) പഴശ്ശി രാജ

100. എസ്. എൻ. ഡി. പി. യോഗത്തിന്റെ ആദ്യ ജനറൽ സെക്രട്ടറി ആര് ?

A) എൻ. കുമാരനാശാൻ
B) ഡോ. പൽപ്പു
C) സി. കേശവൻ
D) എൻ. കൃഷ്ണൻ

## Space for Rough Work